പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 5493

25/10/2011-ൽ മറുപടി
നല്കുന്നത്

സർക്കാർ ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പാലോട് രവി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലാന്റ് ബാങ്കിന്റെ ഉദ്ദേശലക്ഷ്യവും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) കേരള സംസ്ഥാന ലാന്റ് ബാങ്കിന്റെ ലക്ഷ്യങ്ങൾ സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, അതിൽ നിന്ന് വിവേകപൂർവ്വം ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക, സമൂഹത്തിലെ അർഹരായ പാവപ്പെട്ട ഭൂരഹിതർക്ക് ഭൂമി പതിച്ചുനൽകുക എന്നിവയാകുന്നു.<br>പ്രവർത്തനരീതി<br>കേരളത്തിലെ ഓരോ തുണ്ട് സർക്കാർ ഭൂമിയുടെ വിവരവും നിശ്ചിതഫോറത്തിൽ രേഖപ്പെടുത്തി വില്ലേജ് ഓഫീസർ, തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നിവർ സാക്ഷ്യപ്പെടുത്തി ലാന്റ് ബാങ്കിൽ ലഭ്യമാക്കുന്നു. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ സ്കെച്ചും ഫോട്ടോഗ്രാഫും പ്രയോജനപ്പെടുത്തി രണ്ടാംഘട്ട പരിശോധന നടത്തുന്നു. പ്രത്യേകം തയ്യാറാക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നു. കൊളംബ് ലാന്റ് എന്ന സോഫ്റ്റ്‌വെയർ സ്കെച്ച് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു. പൊതുജനങ്ങൾക്ക് വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നതിന് ഉതകുംവിധം ഓരോ തുണ്ട് സർക്കാർ ഭൂമിക്കും 12 അക്കങ്ങൾ ഉള്ള ഒരു യൂണിറ്റ് കോഡ് നമ്പർ നല്കുന്നു. http:/kslb.kerala.govt.in എന്ന വെബ്സൈറ്റിൽ നിന്നും കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നു. |
| (ബി) സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വലിയൊരു ഭാഗം സർവ്വേ നടത്തി രേഖയാക്കാൻ നടപടികൾ എടു | (ബി) സർക്കാർ ഭൂമിയുടെ നിലവിലുണ്ടായിരുന്ന അളവ് സ്കെച്ച് |

ത്തിട്ടുണ്ടോ; വിശദമാക്കുമോ;

ലഭ്യമാകാത്ത വിധം നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അത്തരം ഭൂമിയുടെ വിസ്തീർണത്തിലോ ആകൃതിയിലോ വ്യത്യാസം വരാതെ സർവ്വെ ചെയ്ത് സ്കെച്ച് തയ്യാറാക്കുന്നു. ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ചാണ് അത്തരം സ്കെച്ചുകൾ തയ്യാറാക്കുന്നത്.

(സി) ഇതിനുള്ള പ്രവർത്തനം ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ശക്തമാക്കുമോ ?

(സി) നിലവിൽ ജി.പി.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപിക്കുന്ന കൺട്രോൾ പോയിന്റുകൾ അടിസ്ഥാനമാക്കി [illegible] സർവ്വെ ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ